# ഒരു ജീവനുള്ള പുതിയവഴി

സാക് പുന്നൻ

WFTW 08 ജനുവരി 2017

എബ്രായർ 10:19-25 വരെയുള്ളത് എബ്രായർക്കുള്ള ലേഖനത്തിൻറെ കേന്ദ്ര ഭാഗമാണ്. അത്, നാം ദൈവത്തിൻറെ സിന്നിധിയിലേയ്ക്ക് നേരിട്ട് പ്രവേശിക്കുന്നതിനും അവിടെ സ്ഥിരമായി വസിക്കുന്നതിനുമായി യേശു നമുക്കു വേണ്ടി തുറന്നു തന്ന ജീവനുള്ള ഒരു പുതിയ വഴിയെപറ്റി പറയുന്നു. ഇതായിരുന്നു മനുഷ്യനു വേണ്ടിയുള്ള ദൈവത്തിൻറെ പദ്ധതി, കൂടാതെ ഇതാണ് നമുക്ക് പുതിയ ഉടമ്പടിയിലുള്ള പ്രത്യേക അവകാശം. ' അതുകൊണ്ട് സഹോദരരേ, ഇപ്പോൾ അതിപരിശുദ്ധ സ്ഥലത്തേക്ക് പ്രവേശിക്കുവാനുള്ള ധൈര്യം നമുക്കുണ്ട് ( ഒന്നാമത്) യേശുവിൻറെ രക്തത്താലും ( രണ്ടാമത്) തൻറെ ദേഹമെന്ന തിരശ്ശീലയിലൂടെ നമുക്കു തുറന്നുതന്ന ജീവനുള്ള പുതുവഴിയായും യേശുമരിച്ചപ്പോൾ ദൈവാലയത്തിലെ തിരശ്ശീല ചീന്തിപ്പോയി. ആ തിരശീല അവിടുത്തെ ജഡത്തെ പ്രതീകവൽകരിക്കുന്നു. അതായത് അവിടുത്തെ സ്വന്ത ഇഷ്ടം എല്ലാ സമയവും പിതാവിൻറെ ഇഷ്ടം മാത്രം താൻ ചെയ്യേണ്ടതിനായി തൻറെ ഭൂമിയിലെ ജീവിതത്തിൻറെ എല്ലാ ദിവസവും അത് ചീന്തപ്പെട്ടു (ക്രൂശിക്കപ്പെട്ടു) (യോഹ 6:38).ഇതാണ് ജീവനുള്ള പുതിയ വഴി എന്നു പറയുന്നത്. 'പുതിയത്' എന്നാൽ 'എപ്പോഴും പുത്തനായത് '. വെളിപാട് 5:9 ൽ നാം വായിക്കുന്നത് സ്വർഗ്ഗത്തിൽ യേശുവിൻറെ കാൽവറിയിലെ മരണത്തെപ്പറ്റി അവർ ഒരു പുതിയ പാട്ടുപാടി എന്നാണ്. എങ്ങനെയാണ് അത് ഒരു പുതിയ പാട്ടാകാൻ കഴിയുന്നത്? അതുപാടുന്ന എല്ലാവർക്കും അതു പുതിയ പാട്ടാണ്. അത് ക്രിസ്തുവിൻറെ മരണത്തെ ക്കുറിച്ച് അവർ ഏറ്റവും ആദ്യമായി കേൾക്കുന്നതു പോലെയാണ്. ഇപ്രകാരമാണ് പരിശുദ്ധാത്മാവ് ക്രിസ്തുവിൻറെ മരണത്തെ നമുക്ക് നിരന്തരമായി ജീവനുള്ളതും പുതിയതുമാക്കി തീർക്കുന്നത്. അതുപോലെ തന്നെ, യേശുവിനെ പിൻഗിക്കുന്ന മാർഗ്ഗവും നമുക്ക് എല്ലാ ദിവസവും പുതിയതും ആവേശമുണർത്തുന്നതുമാണ്. ഇതാണ് എന്നും പുതിയ ക്രൂശിൻറെ മാർഗ്ഗം, സ്വയത്തിനും നമ്മുടെ ഇഷ്ടത്തിനും മരിച്ച്, നമ്മുടെ ശരീരത്തെ ദൈവ ഇഷ്ടം മാത്രം ചെയ്യുവാനായി ഏൽപ്പിച്ചു കൊടുക്കുന്ന മാർഗ്ഗം. യേശു നേരത്തെ തന്നെ തിരശ്ശീല ചീന്തി വഴി തുറന്നു തന്നിട്ടുള്ളതിനാൽ നാം ഇനിയും തിരശ്ശീല ചീന്തേണ്ട ആവശ്യമില്ല. എന്നാൽ നിരന്തരം ദൈവത്തിൻറെ സന്നിധിയിൽ ജീവിക്കേണ്ടതിന് നാം അതിലൂടെ നടക്കേണ്ടതുണ്ട്.

നാം പ്രവേശിക്കേണ്ടതിന് യേശു ഈ പുതിയ പാത നമുക്ക് വേണ്ടി തുറന്നു തന്നു. ഈ വഴിയിൽ കൂടി നടക്കുന്നത് യേശുവിന് എളുപ്പമായിരുന്നില്ല. ഈ വഴി ഉത്ഘാടനം ചെയ്യേണ്ടതിന് യേശുവിന് 33മ്മ വർഷങ്ങളോളം എല്ലാ ദിവസവും സ്വയത്തിൻറെ മരണം എന്ന വിലകൊടുക്കേണ്ടിവന്നു. ഇപ്പോൾ നടന്നു കയറേണ്ടതിന് യേശു നമ്മെ ക്ഷണിക്കുന്ന വിശുദ്ധിയുടെ പെരുവഴി ഇതാണ് (യെശ 35.8). എന്നാൽ വഴിയാൽ തന്നെ പിടിക്കപ്പെട്ടു പോകാതിരിക്കാൻ നാം ശ്രദ്ധയുള്ളവരായിരിക്കണം. ക്രൂശിൻറെ വഴി. നമ്മുടെ കണ്ണുകൾ എപ്പോഴും ലക്ഷ്യത്തിന്മേലായിരിക്കണം.യേശു ക്രൂശിനെ സഹിച്ചത്, തൻറെ മുമ്പിൽ വച്ചിരുന്ന തൻറെ പിതാവുമായുള്ള കൂട്ടായ്മയുടെ സന്തോഷം മൂലമാണ്. നിങ്ങൾ ചെന്നൈയിൽ നിന്ന് ബാംഗ്ളൂരിലേക്ക് പുതിയതായി നിർമ്മിക്കപ്പെട്ട ഏറ്റവും മെച്ചമായ ആ റോഡിലൂടെ യാത്ര ചെയ്യുകയാണെങ്കിൽ, ആ റോഡിൻറെ ഭംഗി ആസ്വദിക്കാനായി നിങ്ങളുടെ സമയം നിങ്ങൾ ചെലവഴിക്കുകയില്ല. അങ്ങനെ ചെയ്താൽ നിങ്ങൾ ഒരിക്കലും ബാംഗ്ളൂരിൽ എത്തിച്ചേരുകയില്ല. റോഡ്, എന്നത് നിങ്ങളുടെ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരാനുള്ള ഒരു ഉപാധി മാത്രമാണ്. അതുപോലെ തന്നെ ക്രൂശിൻറെ മാർഗ്ഗം പിതാവിൻറെ സന്നിധിയിൽ എത്തിച്ചേരുന്നതിനും അവിടെ എല്ലാദിവസവും വസിക്കുന്നതിനുമുള്ള ഒരു ഉപാധി മാത്രമാണ്. മിക്ക വിശ്വാസികളും തുടർമാനം ജഡത്തെ മരണത്തിനേൽപ്പിക്കുന്നതിനെക്കുറിച്ചു മാത്രം സാംസാരിച്ചു കൊണ്ടിരിക്കുന്നവരാണ്. എന്നാൽ അവർ വിഷണ്ണരും, ദുഃഖാർത്തരും മറ്റുള്ളവരെ

വിധിക്കുന്നവരും വിമർശകരും ആണ്  ഇത് തെളിയിക്കുന്നത് അവരുടെ ജഡം ഇപ്പോഴും സജീവമാണ് എന്നാണ്!! അങ്ങനെ അവർ ഒരിക്കലും അവരുടെ ജീവിതങ്ങളിൽ ഒരു പുരോഗതിയും ഉണ്ടാക്കുന്നില്ല. 20 വർഷത്തിനുശേഷവും, അവർ റോഡിനെക്കുറിച്ചു പറഞ്ഞു കൊണ്ടിരിക്കുന്നതല്ലാതെ ഒരിക്കലും തങ്ങളുടെ ലക്ഷ്യസ്ഥാനത്തോട് അടുക്കുന്നതായി കാണുന്നില്ല  അവർ അൽപ്പം പോലും കൂടുതൽ ക്രിസ്തുവിനെപ്പോലെ ആയി തീർന്നിട്ടില്ല. നമ്മുടെ ലക്ഷ്യം ക്രിസ്തുവിനോടുള്ള സാദൃശ്യവും, ദൈവവുമായി അടുത്ത കൂട്ടായ്മയുമാണ്.

നാം ആ വഴി നോക്കിക്കൊണ്ടല്ല ഓടേണ്ടത് എന്നാൽ യേശുവിനെ നോക്കിക്കൊണ്ടാണ് (എബ്രാ 12:1). ഓട്ടക്കാർ ഒരിക്കലും അവർ ഓടുന്ന റോഡിലേക്ക് നോക്കി ഓടാറില്ല. അവർ എപ്പോഴും മുമ്പിലേക്ക് നോക്കിക്കൊണ്ട് അന്തിമ രേഖ യുടെ നേർക്കാണ് ഓടുന്നത്. താഴോട്ട് റോഡിനെ നോക്കിക്കൊണ്ട് ഓടുന്നവർ മത്സരത്തിൽ അവസാനം ആകും. നിങ്ങൾ ക്രൂശിൻറെ സന്ദേശത്താൽ മാത്രം പിടിക്കപ്പെട്ട ഒരുവനാണെങ്കിൽ നിങ്ങൾ വിശുദ്ധൻ അല്ല. എന്നാൽ നിങ്ങൾ യേശു എന്ന വ്യക്തിയാൽ തന്നെ പിടിക്കപ്പെട്ടവനാണെങ്കിൽ നിങ്ങൾ വിശുദ്ധനാണ്.

നമുക്ക് അകത്തു കടക്കേണ്ടതിന് കർത്താവ് ക്രൂശിൻറെ വഴി തുറന്നു തന്നിട്ടുണ്ട്  കൂടാതെ അവിടുന്ന് നമ്മുടെ മഹാപുരോഹിതനും മുന്നോടിയുമാണ്. 'നാം ദുർമ്മനസാക്ഷി നീങ്ങുവാൻ തക്കവണ്ണം ഹൃദയത്തിൽ തളിക്കപ്പെട്ടവരും ശുദ്ധജലത്താൽ ശരീരം കഴുകപ്പെട്ടവരുമായി വിശ്വാസത്തിൻറെ പൂർണ്ണ നിശ്ചയത്തോടും പരമാർത്ഥ ഹൃദയത്തോടും കൂടി ദൈവത്തോട് അടുത്തു ചെല്ലുക' (എബ്രാ 10:22) അവസാനത്തെ പദ പ്രയോഗം അർത്ഥമാക്കുന്നത്. നാം നമ്മുടെ ശരീരം കൊണ്ടു ചെയ്തിട്ടുള്ള എല്ലാ പാപവും നിരപ്പാക്കപ്പെട്ടിട്ടുണ്ട് എന്നാണ് . ഏതെങ്കിലും തരത്തിൽ നാം ഉപദ്രവിച്ചിട്ടുള്ള എല്ലാവരോടും നാം മാപ്പ് ചോദിച്ചിരിക്കുന്നു. നാം കബളിപ്പിച്ചിട്ടുള്ള ആളുകൾക്ക് അവരുടെ പണം തിരിച്ചു കൊടുത്തിരിക്കുന്നു, മുതലായവ അങ്ങനെ നമ്മുടെ നാവുകളും കരങ്ങളും മാലിന്യങ്ങളിൽ നിന്ന് കഴുകപ്പെട്ടിരിക്കുന്നു. നാം ഇപ്പോൾ 'നമ്മുടെ പ്രത്യാശ ഏറ്റു പറയുന്നതിൽ അചഞ്ചലരായി ഉറച്ചു നിൽക്കാം' നാം ഇപ്പോൾ നമ്മുടെ സഹവിശ്വാസികളെക്കുറിച്ചു ചിന്തിക്കുകയും 'സ്നേഹത്തിനായി അവരെ എങ്ങനെ ഉത്സാഹിപ്പിക്കാം എന്ന് കരുതുകയും ചെയ്യുക' ഇനി ഒരിക്കലും നാം ആരും നമുക്കുവേണ്ടി തന്നെ ജീവിക്കാതെ, നമ്മുടെ കർത്താവിൻറെ മടങ്ങി വരവിനായി ആകാംക്ഷയോടെ കാത്തിരുന്നുകൊണ്ട് 'സാധ്യതയുള്ളപ്പോഴെല്ലാം മറ്റുള്ളവരുമായി കൂട്ടായ്മ ആചരിക്കാൻ ഉത്സാഹിക്കാം' ( എബ്രായർ 10:23-25) .